DESPATCHED
On..21/2/22

30/12/2021

# സംസ്ഥാന വിവരാവകാശ കമ്മീഷൻ, കേരളം


പുന്നൻ റോഡ്, തിരുവനന്തപുരം 695 001

Tel: 0471- 2561631, 2561615, Fax: 0471-2330920

Email:- sic.ker@nic.in


## ഹർജി നമ്പർAP.No.1629(5)/19/SIC

## തീർപ്പ്കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം

## File No. 13290/SIC-G7/2019

സന്നിഹിത

ശ്രീമതിശ്രീലതപി.ആർ.,സംസ്ഥാനവിവരാവകാശ കമ്മീഷണർ

ഉത്തരവ്തീയതി : 30.12.2021

ശ്രീ. ചന്ദ്രബാബു സി.പി.,
ജനപ്രിയവിലാസം (ചിറ്റേക്കാട്ട്) ശാന്തിഗിരി പി.ഒ,
തിരുവനന്തപുരം - 695 589. } അപ്പീൽ ഹർജിക്കാരൻ

Vs

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
താലൂക്ക്ഓഫീസ്, ചേർത്തല,
ആലപ്പുഴ - 688 524.

2. അപ്പീൽഅധികാരി,
താലൂക്ക്ഓഫീസ്, ചേർത്തല,
ആലപ്പുഴ - 688 524

} എതിർകക്ഷികൾ

| | |
|---|---|
| 6(1) അപേക്ഷ തീയതി | 17.05.2019 |
| പബ്ലിക് ഇൻഫർമേഷൻ ഓഫീസറുടെമറുപടി | 29.05.2019 |
| ഒന്നാംഅപ്പീൽ | 04.06.2019 |
| അപ്പീൽ അധികാരിയുടെതീരുമാനം | 28.06.2019 |
| രണ്ടാംഅപ്പീൽ | 05.08.2019 |
| ഹിയറിംഗ്തീയതി, സ്ഥലം | 11.08.2021, സംസ്ഥാന വിവരാവകാശ കമ്മീഷൻ, തിരുവനന്തപുരം. |

## ഉത്തരവ്

അപ്പീൽ ഹർജിക്കാരനായ ശ്രീ.ചന്ദ്രബാബു സി.പി.17.05.2019 ൽ സമർപ്പിച്ച വിവരാവകാശ അപേക്ഷയിലൂടെ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസറോട് (എസ്.പി.ഐ.ഒ) ആവശ്യപ്പെട്ടിരുന്നത് ടിയാന്റെ അനുജനായ ശ്രീ.ബിജു സി.പിയുടെ അനന്തരാവകാശ സർട്ടിഫിക്കറ്റിൽ ഭാര്യയായ നീതു പി.റ്റി. യ്ക്ക് അവകാശം നൽകാത്തതു സംബന്ധിച്ച വിവരങ്ങളാണ്.

2. പ്രസ്തുത അപേക്ഷയ്ക്ക് ഒന്നാം എതിർകക്ഷി നൽകിയ മറുപടി തൃപ്തികരമല്ലാത്തതിനാൽ അപ്പീൽ സമർപ്പിച്ചെങ്കിലും ആയതിന് അപ്പീൽ അധികാരി നൽകിയ

മറുപടി, അപ്പീൽ ഹർജിക്കാരൻ ആവശ്യപ്പെട്ടത് ശ്രീമതി നീതു പി.ടിയ്ക്ക് അനന്തരാവകാശ സർട്ടിഫിക്കറ്റ് നിഷേധിച്ചതുമായി ബന്ധപ്പെട്ട വിവരങ്ങളാണെന്നും ആയതിന് എസ്.പി.ഐ.ഒ നൽകിയ മറുപടി തൃപ്തികരമല്ലാത്തതിനാലാണ് അപ്പീൽ സമർപ്പിച്ചതെന്നും അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്ന 3,4,5,6 എന്നീ ചോദ്യങ്ങൾക്കുളള മറുപടി വ്യക്തതയില്ലെന്നാണ് അപ്പീൽ ഹർജിക്കാരൻ അപ്പീലിന്മേൽ ഉന്നയിച്ചിരുന്നതെന്നും എസ്.പി.ഐ.ഒ നൽകിയ മറുപടി പരിശോധിച്ചതിൽ നിന്നും 3,4,5,6 എന്നീ ചോദ്യങ്ങൾക്ക് കൂടുതൽ വ്യക്തതയുളള മറുപടി നൽകാവുന്നതായി കണ്ടതിനാൽ ടിയാൻ ആവശ്യപ്പെട്ട വിവരങ്ങൾ സൗജന്യമായി ലഭ്യമാക്കേണ്ടതാണെന്ന് 28.06.2019 ലെ ഉത്തരവ് പ്രകാരം എസ്.പി.ഐ.ഒയ്ക്ക് നിർദ്ദേശം നൽകിയിട്ടുണ്ടെന്നുമാണ്.

3. ഒന്നും രണ്ടും എതിർകക്ഷികളുടെ മറുപടിയിൽ തൃപ്തനാകാതിരുന്ന അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ രണ്ടാം അപ്പീൽ സമർപ്പിക്കുകയുണ്ടായി. ടി അപ്പീൽഹർജി ഫയലിൽ സ്വീകരിച്ചതിന്റെ അടിസ്ഥാനത്തിൽ കമ്മീഷൻ ഇരുകക്ഷികളെയും നേരിൽ കേൾക്കുന്നതിനായി 11.08.2021 ന് ഹിയറിംഗ് പോസ്റ്റ് ചെയ്യുകയും, ടെലഫോൺ മുഖാന്തിരം നടത്തിയ നേർവിചാരണയിൽ ഒന്നാം എതിർകക്ഷി ഹാജരാകുകയും ചെയ്തു.

4. അപ്പീൽ ഹർജിയും അനുബന്ധ രേഖകളും കമ്മീഷൻ വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, അപ്പീൽ ഹർജിക്കാരൻ വിവരാവകാശ അപേക്ഷയിൽ ആവശ്യപ്പെട്ട വിവരങ്ങൾ എസ്.പി.ഐ.ഒ നൽകിയെങ്കിലും ആയത് തൃപ്തികരമല്ലാത്തതിനാലാണ് ടിയാൻ അപ്പീൽ സമർപ്പിച്ചിരിക്കുന്നത്. ടി അപ്പീലിന്മേൽ ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമാക്കണമെന്ന് എസ്.പി.ഐ.ഒ.യ്ക്ക് നിർദ്ദേശം നൽകിയതിന്റെ അടിസ്ഥാനത്തിൽ 10.07.2019 ലെ എഫ്2-9158/19 -ാം നമ്പർ കത്ത് പ്രകാരം വ്യക്തമായ മറുപടി നൽകിയിട്ടുണ്ടെന്നും ശ്രീമതി നീതു പി.ടി. എന്നയാൾ ടിയാളുടെ ഭർത്താവായിരുന്ന ബിജു സി.പി യുടെ അനന്തരാവകാശ സർട്ടിഫിക്കറ്റിനായി നൽകിയ അപേക്ഷയിന്മേൽ 29742/2011 എന്ന നമ്പരായി 03.01.2012 ലെ ഗസറ്റിൽ പരസ്യം പ്രസിദ്ധീകരിച്ച് വന്നിട്ടുളളതാണെന്നുംഎന്നാൽ നീതു പി.റ്റി പുനർവിവാഹിതയാണോ എന്ന വിഷയത്തിന്റെ നിജസ്ഥിതി അരൂർ വില്ലേജ് ഓഫീസർ മുഖാന്തിരം അന്വേഷിച്ചതനുസരിച്ച് നീതു പി.ടി പുനർവിവാഹിതയാണെന്ന് റിപ്പോർട്ട് ലഭിച്ചിട്ടുണ്ടെന്നും പരേതന്റെ ഭാര്യ പുനർവിവാഹിതയായാൽ അവകാശപ്പട്ടികയിൽ നിന്നും ഒഴിവാകുന്നതിനാൽ മേൽപറഞ്ഞ ഗസറ്റ് പരസ്യം തിരുത്തുന്നതിനായി തിരുത്തൽ പരസ്യം

നൽകിയിരുന്നതും ആയത് പ്രകാരം എഫ്.4.16727/2017 നമ്പരായി പരേതന്റെ മാതാവിനെ മാത്രം ഉൾപ്പെടുത്തി അനന്തരാവകാശ സർട്ടിഫിക്കറ്റ് അനുവദിച്ചിട്ടുള്ളതാണെന്നും എസ്.പി.ഐ.ഒ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചു. അപ്പീൽവാദിയുടെ ആദ്യത്തെ ചോദ്യത്തിന് ശ്രീമതി.നീതു പി.റ്റി.യ്ക്ക് അനന്തരാവകാശ സർട്ടിഫിക്കറ്റിന് അർഹതയുണ്ടെന്ന് ഗസറ്റിൽ പ്രസിദ്ധീകരിച്ചിരുന്നതായും, ഇതിനെതിരെ ആരെങ്കിലും പരാതി നൽകിയിട്ടുണ്ടോ എന്നതിന് ഇല്ല എന്ന മറുപടി നൽകുകയും, 5-ാമത്തെ ചോദ്യത്തിന് അരൂർ വില്ലേജ് ഓഫീസറുടെ 29.12.2017 ലെ 545/17 നമ്പർ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണെന്ന് അനന്തരാവകാശ സർട്ടിഫിക്കറ്റ് റദ്ദാക്കിയതെന്നും പറയുന്നു. ആരുടെയും പരാതി ലഭിക്കാതെ ഇത്തരത്തിൽ സർട്ടിഫിക്കറ്റ് റദ്ദാക്കിയ നടപടി ശരിയല്ലെന്ന് കമ്മീഷൻ നിരീക്ഷിക്കുന്നു. ടിയാൾ പുനർ വിവാഹിതയാണെന്ന് തെളിയിക്കുന്ന വിവാഹ സർട്ടിഫിക്കറ്റിന്റെ പകർപ്പ് അരൂർ വില്ലേജ് ഓഫീസർക്ക് ലഭിച്ചതിന്റെ അടിസ്ഥാനത്തിലാണോ ഇത്തരത്തിൽ ഒരു റിപ്പോർട്ട് നൽകിയതെന്ന് വ്യക്തമാക്കി പരിശോധിച്ച ശേഷം അപ്പീൽവാദിയ്ക്ക് മറുപടി നൽകേണ്ടതാണെന്ന് എസ്.പി.ഐ.ഒയ്ക്ക് നിർദ്ദേശം നൽകുന്നു. കമ്മീഷൻ നിർദ്ദേശം നടപ്പിലാക്കി വിവരം കമ്മീഷനെ രേഖാമൂലം അറിയിക്കേണ്ടതുമാണ്. നിയമാനുസരണമുള്ള സർട്ടിഫിക്കറ്റ് കാണാതെയാണ് ഇത്തരത്തിൽ ഒരു തീരുമാനം വില്ലേജ്ഓഫീസറുടെ ഭാഗത്തുനിന്നും ഉണ്ടായതെങ്കിൽ ടിയാൾക്കെതിരെ വകുപ്പുതല നടപടി സ്വീകരിക്കണമെന്നും അനന്തരാവകാശ സർട്ടിഫിക്കറ്റ് വീണ്ടും നൽകണമെന്നും കമ്മീഷൻ ശുപാർശചെയ്യുന്നു. ഇപ്രകാരം ഈ അപ്പീൽ ഹർജിയിന്മേൽ തുടർനടപടികൾ ആവശ്യമില്ലെന്ന് കണ്ട് ഇന്നേ ദിവസം **2021 ഡിസംബർ മാസം30-ാം തീയതി തീർപ്പാക്കി ഉത്തരവാകുന്നു.**

(ഒപ്പ്)
**ശ്രീലത. പി. ആർ.**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**കമ്മീഷൻസെക്രട്ടറി**

STATE INFORMATION COMMISSION ★ KERALA, THIRUVANANTHAPURAM ★

Jn